# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4372 17.12.2014 - ൽ മറുപടിയ്ക്ക്

## ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

| ചോദ്യം<br>ശ്രീ.ബെന്നി ബെഹനാൻ :<br>ശ്രീ. ആർ സെൽവരാജ് :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെയും സംസ്ഥാനത്തെ മറ്റ് പ്രധാന സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും ബയോ മെഡിക്കൽ വേസ്റ്റുകൾ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ സംരംഭമായ **IMAGE** എന്ന സ്ഥാപനം വഴി ശേഖരിച്ച് സംസ്കരിച്ചുവരുന്നു. പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രണ്ടാഴ്ച കൂടുമ്പോൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രികളിലെ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നുണ്ട് . ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ചെറിയ ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റുകൾ മലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ള കത്തിക്കൽ, ആഴത്തിലുള്ള കുഴികൾ കുഴിച്ചുള്ള സംസ്കരണം, ഡീപ്പ് പിറ്റ് എന്നീ രീതിയിലാണ് സംസ്കരിച്ചുവരുന്നത്. കൂടാതെ ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ മാലിന്യ സംസ്കരണം പരിസ്ഥിതിക്ക് കോട്ടം വരാതെ വളരെ കാര്യക്ഷമമായി നടന്നുവരുന്നുണ്ട് |
| .(സി) BARC മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ, മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രി-കളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ സംസ്ഥാനത്തെ ചില ആശുപത്രികളിൽ ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നീ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചു ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു . ഓരോ ആശുപത്രികളിലും പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങുന്നതിനേക്കാളും പൊതുവായ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമാക്കുന്നത് . |

സെക്ഷൻ ഓഫീസർ